# ഹിന്ദു ധർമ്മത്തിന്റെ മഹത്വം

ലേഖകൻ :- സന്ത് രാംപാൽദാസ്
സംഘാടകർ :- സത്‌ലോക് ആശ്രം,
ബർവാല, ജില്ലാ ഹിസ്സാർ (ഹരിയാന)

ജീവരാശിയാണ് നമ്മുടെ വംശം,
മാനവികതയാണ് നമ്മുടെ മതം
ഹിന്ദു, മുസ്ലിം, സിഖ്, ക്രിസ്ത്യൻ.......
എന്നിങ്ങനെ വ്യത്യസ്ഥമായ മതങ്ങൾ ഇല്ല.

സമ്പൂർണ്ണ ആദ്ധ്യാത്മിക ജ്ഞാനം പ്രാപ്തമാകുന്നതിന് വേണ്ടി സന്ത് രാംപാൽജി മഹാരാജിന്റെ ആപ്പ് പ്ലേസ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യുക

Google Play

DOWNLOAD APP NOW

ജ്ഞാന ഗംഗാ പുസ്തകം സൗജന്യമായി ലഭിക്കുവാൻ വേണ്ടി ഈ നമ്പറിൽ കോൾ ചെയ്യുക

**81 93 81 93 81**

ഗീത തേരാ ജ്ഞാൻ അമൃത് / വേ ഓഫ് ലിവിംഗ് എന്നീ പുസ്തകങ്ങൾ ഡൗൺലോഡ് ചെയ്യുക.

साधना
आध्यात्मिक सामाजिक टी.वी. चैनल
7:30 PM to 8:30 PM




സോഷ്യൽ മീഡിയയിൽ ബന്ധപ്പെടുന്നതിനുവേണ്ടി ഞങ്ങളെ ഫോളോ ചെയ്യുക

Spiritualleadersaintrampalji @SaintRampalJiM Sant Rampal Ji Maharaj


തിയ്യതി : 25 മെയ് 2013-ൽ ലേഖനം പൂർത്തീകരിച്ചു.
ഫസ്റ്റ് എഡിഷൻ : ജൂൺ 2013 – 10,000 കോപി
സെക്കന്റ് എഡിഷൻ : ഏപ്രിൽ 2014 – 20,000 കോപി

ലേഖകൻ : സന്ത് രാംപാൽദാസ്.
സംഘാടകർ :– സത്‌ലോക് ആശ്രമം, ബർവാലാ, ജില്ലാ ഹിസ്സാർ (ഹരിയാന)

പ്രിന്റിംഗ് :– കബീർ പ്രിന്റേഴ്സ്
ഇ117, ടലരീ്യ 3, ബവാന ഇൻഡസ്ട്രിയൽ ഏരിയ, ന്യൂ ഡൽഹി.

പ്രകാശനം : – പ്രചാർ പ്രസാർ സമിതി കൂടാതെ സർവ്വസംഗത്
സത്‌ലോക് ആശ്രമം, ഹിസ്സാർ, ഠോഹാന റോഡ്, ബർവാലാ,
ജില്ലാ ഹിസ്സാർ (ഹരിയാന) ഭാരതം.
ബന്ധപ്പെടുക :– 8222880541, 8222880542, 8222880543,
8222880544, 8222880545



e-mail : jagathgururampalji@yahoo.com
visit us at : www.jagathgururampalji.org

# “ഹിന്ദു ധർമ്മത്തിന്റെ മഹത്വം.”

**സർവ്വ പ്രഥമമായി ഇത് എല്ലാവരും വായിക്കണം:-**

ഹ വിശ്വത്തിലുള്ള എത്രയോ ധർമ്മ പരമ്പരകൾ ഉണ്ടോ, അതിൽ സനാതന ധർമ്മം ഏറ്റവും പുരാതനമായിട്ടുള്ളതാണ്
( സനാതന പരമ്പര അത് ആദി ശങ്കരാചാര്യർ വന്നതിന് ശേഷം, അദ്ദേഹത്തിലൂടെ പറഞ്ഞു കൊടുത്തിരിക്കുന്ന സാധനൾ ചെയ്യുന്ന ജനസമൂഹത്തിനെ ഹിന്ദു എന്ന് പറയാൻ തുടങ്ങി കൂടാതെ സനാതന പരമ്പരയെ ഹിന്ദു ധർമ്മ നാമത്തിൽ അറിയപ്പെടാൻ തുടങ്ങി, അതാണ് ഇന്നത്തെ ഹിന്ദു ധർമ്മം ).
ഈ ധർമ്മത്തിന്റെ നട്ടെല്ല് എന്ന് പറയുന്നത്, പവിത്രമായ നാല് വേദങ്ങളാണ് ( റിഗ്വേദം, യജുർവേദം, സാമവേദം, കൂടാതെ അഥർവ്വവേദം) ഇതു കൂടാതെ പവിത്ര ശ്രീമദ് ഭഗവത്ഗീത എന്നിവയാണ്. ആരംഭത്തിൽ കേവലം നാലു വേദങ്ങളുടെ ആധാരത്തിലാണ് ഈ വിഷയത്തിൽ മനുഷ്യർ ധർമ്മ- കർമ്മങ്ങളും ചെയ്തിരുന്നത്. ഈ നാലു വേദങ്ങളും പ്രഭുവായ പരമാത്മാവ് തന്നെ നൽകിയതാണ് (ഏഛഉ ഏകഡഋച). ഇതിന്റെ സാരാംശമാണ് ഭഗവദ്ഗീത.അതിനാൽ ഈ ശാസ്ത്രവും പ്രഭു
(ഏഛഉ ഏകഡഋച ) തന്നെയാണ് നൽകിയിരിക്കുന്നത്.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം എന്തെന്നാൽ, ഈ ജ്ഞാനം പരമാത്മാവ് സ്വയം പറഞ്ഞതാണ്, ഈ ജ്ഞാനം പൂർണമായും സത്യമാണ്. അതിനാൽ ഈ രണ്ടു ശാസ്ത്രങ്ങളും നി സംശയമായും വിശ്വാസയോഗ്യമുള്ളതാണ്. മാനവരായിട്ടുള്ളവർ പ്രത്യേകിച്ചും ഇതിന്റെ ഉള്ളിൽ എഴുതിയിരിക്കുന്ന സാധനകൾ ചെയ്യേണ്ടതാണ്. ആ സാധനകൾ എല്ലാം ശാസ്ത്ര വിധി പ്രകാരം ആണ് പറഞ്ഞിരിക്കുന്നത്. ഈ ശാസ്ത്രങ്ങളിൽ ചെയ്യുവാൻ പാടില്ലാത്ത സാധനങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്, അത് ആര് ചെയ്യുന്നവോ അവർ ഈ ശാസ്ത്ര വിധി ത്യജിച്ചുകൊണ്ട് തന്നിഷ്ട പ്രകാരമുള്ള ആചരണങ്ങളാണ് ചെയ്യുന്നത്, ഈ വിഷയത്തിൽ ഗീത അധ്യായം 16 ശ്ലോകം 23,24 ലും ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത് :-

● ശ്ലോകം 23 :-
അതായത്
സാധകരായിട്ടുള്ളവർ ഈ ശാസ്ത്ര വിധി ത്യാജിച്ചുകൊണ്ട് തന്നിഷ്ടപ്രകാരം ചെയ്യുന്നുവർ, അവർക്ക് സിദ്ധിയോ, പരമഗതിയോ പ്രാപ്തമാകുന്നതല്ല അതായത് പൂർണ്ണമോക്ഷമോ, സുഖവും ലഭ്യമല്ല. ( ഗീത അദ്ധ്യായം 16 ശോകം 23 ).

● ശ്ലോകം 24:-
ഇതിനാൽ ഈ കർത്തവ്യം അതായത് ഭക്തി കർമ്മം ചെയ്യുവാൻ യോഗ്യമുള്ളവർ കൂടാതെ, അകർത്തവ്യം എന്നാൽ ഭക്തി കർമ്മം ചെയ്യുവാൻ യോഗമില്ലാത്തവർ, ഈ വ്യവസ്ഥയ്ക്ക് ശാസ്ത്ര വിധി ആണ് പ്രമാണം. ഇതെല്ലാം മനസ്സിലാക്കി കൊണ്ട് നീ ശാസ്ത്ര വിധി പ്രകാരം കർമ്മം ചെയ്യുക അതായത് ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യം മാത്രം ചെയ്യുക, അത് ഭക്തി കർമ്മം മാത്രമാണ് ചെയ്യുവാൻ യോഗ്യമായിട്ടുള്ളത്. ( ഗീത അധ്യായം 16 ശ്ലോകം 24 ).

ഹിന്ദു സഹോദരന്മാർ ശ്രീമദ് ഭഗവത് ഗീതയിലെ തന്നിരിക്കുന്ന ഫോട്ടോ കോപ്പികൾ കാണുക. ഗീതാപ്രസ് ഘോരഘപൂരിൽ നിന്ന് പ്രസിദ്ധീകരിച്ചതും, പ്രകാശനം ചെയ്തതും കൂടാതെ ശ്രീ ജയദയാൽ ഗോയന്തക ജി വിവർത്തനം ചെയ്തിരിക്കുന്നതും :

**(ഗീത അദ്ധ്യായം 16 ശ്ലോകം 23 ന്റെ ഫോട്ടോ കോപ്പി.)**
യഃ, ശാസ്ത്രവിധിമ്, ഉത്സൃജ്യ, വർത്തതേ കാമകാരതഃ
ന, സഃ, സിദ്ധിമ്, അവാപ്നോതി, ന, സുഖമ്, ന, പരാമ്, ഗതിമ്, (23)

| | | | |
|---|---|---|---|
| യഃ | = യാതൊരു പുരുഷൻ | ന, സിദ്ധിമ്, അവാപ്നോതി | = സിദ്ധികൾ പ്രാപ്തമാകുന്നില്ല |
| ശാസ്ത്രവിധിമ് | = ശാസ്ത്ര വിധിയെ | ന, പരാമ്, ഗതിമ് | = പരമ ഗതി ലഭിക്കുന്നില്ല(കൂടാതെ) |
| ഉത്സൃജ്യ | = ത്യജിച്ചു കൊണ്ട് | ന, സുഖമ് | = സുഖവും ലഭിക്കുന്നില്ല |
| കാമകാരതഃ | = സ്വന്തം ഇച്ഛാനുസൃതം | | |
| വർത്തതേ | = ആചരണം ചെയ്യുന്ന | | |
| സഃ | = അവർ | | |

**(ഗീത അദ്ധ്യായം 16 ശ്ലോകം 24 ന്റെ** ഫോട്ടോ കോപ്പി.)
തസ്മാത്, ശാസ്ത്രം, പ്രമാണം, തേ, കാര്യാകാര്യവ്യവസ്ഥിതൗ,
ജ്ഞാത്വാ, ശാസ്ത്രവിധാനോക്തമ്, കർമ്, കർതുമ്, ഇഹ, അർഹസി (24)

| | | | |
|---|---|---|---|
| തസ്മാത് | = ഇതിനാൽ | പ്രമാണം | = പ്രമാണമാണ് |
| തേ | = നിനക്ക് വേണ്ടി | (ഏവം) | = എന്നാൽ |
| ഇഹ | = ഈ | ജ്ഞാത്വാ | = അറിഞ്ഞുകൊണ്ട്(നീ) |
| കാര്യാകാര്യ-വ്യവസ്ഥിതൗ | = കർത്തവ്യവും കൂടാതെ അകർത്തവ്യത്തിന്റെ വ്യവസ്ഥയിൽ | ശാസ്ത്രവിധാനോക്തമ | = ശാസ്ത്രവിധിയാൽ നിയതനായി |
| ശാസ്ത്രം | = ശാസ്ത്രം (തന്നെ) | കർമ് | = കർമ്മം (തന്നെ) |
| | | കർതുമ് | = ചെയ്യുവാൻ |
| | | അർഹസി | = യോഗ്യനാണ് |

● ഹിന്ദു സഹോദരന്മാരെ! ഇനി നമ്മൾ പഠിക്കേണ്ടത് ശ്രീമദ് ഭഗവത്ഗീത അധ്യായം 17 ശ്ലോകം 1 മുതൽ 6 വരെയാണ് :-

●* ശ്ലോകം 1:-

ഈ അധ്യായത്തിൽ അർജുനൻ ഗീത ജ്ഞാന ദാതാവായ പ്രഭുവിനോട് ചോദ്യം. ചോദിക്കുകയാണ്. ഹേ കൃഷ്ണ ശാസ്ത്രവിധി ത്യജിച്ചുകൊണ്ട് ആ ശ്രദ്ധാലു ആയിക്കൊണ്ട് ദേവാധികളുടെ പൂജകൾ ചെയ്യുന്നുവോ, അവരുടെ സ്ഥിതി പിന്നെ എങ്ങനെ ഉള്ളതാണ് ? സ്വാതികമാണോ അഥവാ രജെസി മാണോ അതോ താമസിക്കുമാണോ ? **( ഗീതാം 17 ശ്ലോകം 1 ).**

ഇതിന്റെ ഉത്തരം **ശ്ലോകം 2 മുതൽ 6 വരെ** കൊടുത്തിട്ടുണ്ട്.
ഗീത ജ്ഞാന ദാതാവായ പ്രഭുവിന്റെ ഉത്തരം :-

● സംക്ഷിപ്തമായി ഇപ്രകാരമാണ് :- മനുഷ്യരുടെ ശ്രദ്ധ അവരുടെ പൂർവ്വജന്മ സംസ്കാരം അനുസരിച്ച് സ്വാത്വികമായും, രജസികമായും, താമസികമായും, ഉണ്ടാകുന്നു. **( ഗീതയം 17 ശ്ലോകം 2 ).**

● ഹേ ഭാരത! എല്ലാ മനുഷ്യരുടെയും ശ്രദ്ധ അവരുടെ അന്തകരണത്തിന്റെ അനുരൂപം അനുസരിച്ച് ആയിരിക്കും. ആരുടെ ശ്രദ്ധ എങ്ങനെയാണ് ഇരിക്കുന്നത്, അവർ സ്വയം അങ്ങനെ തന്നെയായിരിക്കും അതായത് അവരുടെ സ്വഭാവവും അങ്ങനെ തന്നെയായിരിക്കും. **( ഗീത അദ്ധ്യായം 17 ശ്ലോകം 3 ).**

● സ്വാത്തികരായിട്ടുള്ളവർ ദേവപൂജ ചെയ്യുന്നു. രജോ ഗുണം ആയിട്ടുള്ളവർ യക്ഷസിനെയും, രക്ഷസൻമാരെയും പൂജിക്കുന്നു, ഗുണ ഗുണത്തിൽ പെടുന്ന മനുഷ്യർ, പ്രേതങ്ങളെയും, ഭൂതഗണങ്ങളെയും പൂജിക്കുന്നു.( ഗീത അദ്ധ്യായം 17 ശ്ലോകം 4 ).

●ഹേ അർജുന! ഏതൊരു മനുഷ്യൻ ശാസ്ത്ര വിധി മാനിക്കാതെ തന്നിഷ്ടപ്രകാരം ഘോരമായ തപസ്സ് ചെയ്യുന്നവരും കൂടാതെ ഡംബ്, അഹങ്കാരം, യുക്തകാമനകളുടെയും അതുപോലെ ആസക്തിയും ബലവും അതിന്റെ അഭിമാനത്തിലാണ് യുക്തമായിരിക്കുന്നത്.( **ഗീത അദ്ധ്യായം 17 ശ്ലോകം 5**).

● അതുപോലെ ഈ ശരീരത്തിൽ സ്ഥിതി ചെയ്യുന്ന ഭൂത സമുദായത്തെയും കൂടാതെ അന്തകരണത്തിൽ സ്ഥിതി ചെയ്യുന്ന എന്നെയും (ഗീത ജ്ഞാന ദാതാവ് പ്രഭുവിനെ ) കൂടി ക്ലേശിപ്പിക്കുന്നു അതായത് കഷ്ടത്തിലാകുന്നു. അങ്ങനെയുള്ള അജ്ഞാനികളായവരെ നീ അവരെ അസുര സ്വഭാവമുള്ളവരായി കണക്കാക്കുക. ( **ഗീത അദ്ധ്യായം 17 ശ്ലോകം 6**). ഇതേ പ്രമാണം ഗീതാ **അദ്ധ്യായം 16 ശ്ലോകം 17 മുതൽ 20 വരെയും** പറഞ്ഞിട്ടുണ്ട്. ആ കാര്യങ്ങൾ പരിശോധിക്കാം:-

●**ശ്ലോകം 17:-**
ഇവർ സ്വയം അവരവരെ തന്നെ ശ്രേഷ്ഠരായി കണക്കാക്കുന്നു, പൊങ്ങച്ചവും ധനവും അഭിമാനത്തിൽ യുക്തരായി കൊണ്ട് കേവലം നാമ മാത്രമായി യജ്ഞങ്ങളിൽ കൂടി, മൂഢരായവർ ശാസ്ത്ര വിധി രഹിതമായി യജ്ഞം( പൂജ) ചെയ്യുന്നു. ( ഗീത അദ്ധ്യായം 16 ശ്ലോകം 17 ).

●* **ശ്ലോകം 18:-**
അഹങ്കാരം ബലം പൊങ്ങച്ചം ക്രോധത്തിന്റെയും പര്യായമായി കൂടാതെ മറ്റുള്ളവരെ നിന്ദിക്കുകയും ചെയ്യുന്ന പുരുഷൻ സ്വന്തം ശരീരത്തിലും മറ്റുള്ളവരുടെ ശരീരത്തിൽ സ്ഥിതി ചെയ്യുന്ന എന്നെയും ( ഗീത ജ്ഞാനപ ദാതാവ് ) ദുഷിക്കുന്നവരാകുന്നു. ( ഗീത അദ്ധ്യായം 16 ശ്ലോകം 18).

● **ശ്ലോകം 19:-**
ആ ദോഷികൾ ആയിട്ടുള്ള പാപികളെയും കൂടാതെ ക്രൂര കർമ്മങ്ങൾ ചെയ്യുന്നവരും നരാധമന്മാരും ( മനുഷ്യരിൽ നീചമായിട്ടുള്ളവർ) ഇവരെ ഞാൻ സംസാരത്തിൽ വീണ്ടും വീണ്ടും ആസൂരിക യോനികളിൽ പ്രവേശിപ്പിക്കുന്നു.( ഗീത അദ്ധ്യായം 16 ശ്ലോകം 19).

● **ശ്ലോകം 20 :-**
●ഹേ അർജുന! മൂഢന്മാരായ ഇവർ എന്നെ പോലും പ്രാപിക്കാൻ യോഗ്യമല്ലാതെ ഇരിക്കുകയും, അങ്ങനെയുള്ളവർ നിരന്തരമായി ആസുരിക യോനികൾ പ്രാപിക്കുന്നതാണ്. പിന്നെ അതിനേക്കാളും നീചം ആയിട്ടുള്ള ഗതി അവർ പ്രാപിക്കുന്നതാണ് അതായത് ഘോരമായ നരകത്തിൽ വീഴുന്നതാണ്. ( ഗീത അദ്ധ്യായം 16 ശ്ലോകം 20 ).

●● മേൽപ്പറഞ്ഞ ഗീതയുടെ ശ്ലോകങ്ങളിൽ നിഷ്കർഷിച്ചിക്കുന്നത്.
ഗീതാ അധ്യായം 17 ശ്ലോകം 1 അർജുനൻ ചോദിക്കുന്നു. ആരാണോ ശാസ്ത്രവിധി ത്യജിച്ചുകൊണ്ട് ശ്രദ്ധയാൽ യുക്തമായി ദേവാധികളുടെ പൂജ ചെയ്യുന്നവരായിട്ടുള്ളവരുടെ സ്വഭാവം എങ്ങനെ ഉള്ളതായിരിക്കും? ഇതിന്റെ ഉത്തരം അർജുനൻ ഗീതാ അദ്ധ്യായം 7 ശ്ലോകം 12 മുതൽ15 വരെ ഉള്ളഭാഗങ്ങളിൽ അർജുനൻ കേട്ടിട്ടുണ്ട്,അതായത് ത്രിഗുണ മായയായ് രജോ ഗുണം ബ്രഹ്മാവ്, സത്വ ഗുണം വിഷ്ണു, തമോ ഗുണം ശിവ ആദിദേവതകളെ പൂജിക്കുന്നവർ അവരിൽ വരെ മാത്രം സീമിതരായിരിക്കുന്നു. അവരുടെ ബുദ്ധി ഇതിനെക്കാളും മേലെ ഉള്ള എന്റെ( ഗീത ജ്ഞാന ദാതാവ് ) ഭക്തി വരെ പോലും അത് വരുന്നില്ല. ആരുടെ ജ്ഞാനം പരാജിതമായിരിക്കുന്നുവോ, അവർ രാക്ഷസ സ്വഭാവം ധരിച്ചവരും, മനുഷ്യരിൽ നീച ദുഷിച്ച കർമ്മം ചെയ്യുന്നവർ വിഡ്ഢികളായ ഇവർ എന്റെ ഭക്തി പോലും ചെയ്യുന്നില്ല.

●●ഗീത **അധ്യായം 7 ശ്ലോകം 20 മുതൽ 23** വരെയിൽ പറഞ്ഞിരിക്കുന്നത്:-
ഇവിടെ ശ്ലോകം 12 മുതൽ 15 വരെയുള്ള ഭാഗം വീണ്ടും ആവർത്തിച്ചിട്ടുണ്ട്. ആ ജനത അവരുടെ സ്വഭാവം കൊണ്ട് പ്രേരിതരായിക്കൊണ്ട്,

ലോകവേദ ദന്ത കഥകളായ നിയമങ്ങളുടെ ആധാരത്തിൽ അന്യദേവതകളെ ഭജിക്കുന്നു അതായത് പൂജിക്കുന്നു. ഇത് ഭഗവത് ഗീതയിൽ നിഷേധിച്ചിട്ടുണ്ട്, അതായത് രജോഗുണ ബ്രഹ്മാവ്,സത്വ ഗുണം വിഷ്ണു, തമോ ഗുണം ശിവ അതുപോലെ അന്യദേവി ദേവന്മാരുടെ പൂജകൾ ചെയ്യാൻ പാടുള്ളതല്ല. അവർ ലോക വേദത്തിന്റെ ആധാരത്തിൽ ഇതെല്ലാം ചെയ്യുന്നു. ഇവർ ദേവതകളുടെ പൂജ ശാസ്ത്ര വിധി പ്രകാരം അല്ലാത്തതും( ഇതിനെ ഗീത അദ്ദേഹം 16 ശ്ലോകം 23,24 എല്ലാം വ്യർത്ഥ സാധയാണെന്ന് പറഞ്ഞിട്ടുണ്ട്. അതായത് തന്നിഷ്ടപ്രകാരം ആചരണങ്ങൾ ചെയ്യുന്നതും ആണ്. ഇത് ഗീത അധ്യായം 17 ശ്ലോകം 1ൽ അർജുനൻ ശ്രീകൃഷ്ണനോട് ചോദിക്കുന്നു... അതായത് വ്യക്തികൾ ഇങ്ങനെ ശാസ്ത്രവിധി പ്രകാരം അല്ലാതെ ചെയ്യുന്നവർ ഏത് തരത്തിലുമുള്ള ഗുണങ്ങളിൽ പെടും എന്നതാണ്? അതായത് ശ്രീ ബ്രഹ്മാവിനെയും ശ്രീകൃഷ്ണന്റെയും ശ്രീ ശിവന്റെയും പൂജ ചെയ്യുന്നവരും ശാസ്ത്ര വിരുദമാണ് ചെയ്യുന്നത്, അതുപോലെ യോഗ്യതയില്ലാത്ത അകർത്തവ്യങ്ങളായ അന്യ ദേവി ദേവന്മാരുടെ പൂജ ചെയ്യുന്നവർ ഏത് സ്വഭാവത്തിൽ പെടുന്നവരാണ്?

- ഗീത ജ്ഞാന ദാതാവ് ഗീത അദ്ധ്യായം 17 ശ്ലോകം രണ്ടു മുതൽ 6 വരെയുള്ള ഭാഗങ്ങളിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്, ആർക്കാണോ സാത്വികമായ ശ്രദ്ധയുള്ളവർ അതായത് നല്ല മനുഷ്യർ ആയിട്ടുള്ളവർ, അവർ കേവലം അന്യദേവതകളുടെ പൂജകളാണ് ചെയ്യുന്നത്. അതുപോലെ രജോ ഗുണം ഉള്ളവർ, അവർ രാക്ഷസന്മാരെയും യക്ഷൻ മാരെയും പൂജിക്കുന്നു, തമോഗ സ്വഭാവമുള്ളവർ പ്രേത ഭൂത പിശാശുക്കളെ പൂജിക്കുന്നു. ( ഇവിടെ ഒരു കാര്യം ശ്രദ്ധിക്കുക ശ്രാദ്ധം ചെയ്യുന്നതും, പിണ്ട ദാനം ചെയ്യുന്നതും, അസ്ഥികൾ ഗംഗയിൽ പണ്ഡിതന്മാരാൽ ഒഴുക്കപ്പെടുന്ന ക്രിയകൾ, അടിയന്തരങ്ങൾ, കൊല്ലംതോറും ഉള്ള പിതൃപൂജകൾ ഇങ്ങനെയുള്ളതെല്ലാം കർമ്മ കാണ്ഡത്തിൽ വരുന്നതാണ്, ഇത് ഗീതയിൽ വിലക്കിയിട്ടുള്ളസാധനകളാണ്. വേദങ്ങളിൽ ഇത് മൂഢമായ സാധനകൾ എന്നാണ് പറഞ്ഞിരിക്കുന്നത്.

പ്രമാണം:-

**മാർക്കണ്ഡേ പുരാണത്തിൽ**

രുചി ഋഷിയുടെ ഉല്പത്തി എന്ന അധ്യായത്തിൽ രുചി ഋഷി ബ്രഹ്മചര്യയുടെ പാലനം ചെയ്തുകൊണ്ട് ഏകാന്തതയിൽ വസിച്ചുകൊണ്ട് വേദപ്രകാരം ഭക്തി ചെയ്തു . അന്ന് അദ്ദേഹത്തിന് 40 വയസ്സ് ഉണ്ടായിരുന്നു, അദ്ദേഹത്തിന്റെ പിതൃക്കളെ ആകാശത്തിൽ ദൃശ്യമായി, അവർ രുചി ഋഷിയോട് പറഞ്ഞത് പിതൃക്കൾ ആയിട്ടുള്ളവർ എല്ലവരും കർമ്മകാണ്ഡം ചെയ്തു എന്നുള്ളതാണ്. ആ കാരണത്താൽ അവർക്ക് ഗതിയും കിട്ടിയില്ല. അവർ പ്രേതങ്ങളുടെയും പിതൃക്കളുടെയും യോനികളിൽ കഷ്ടപ്പെടുകയായിരുന്നു. കാരണം അവർ ശാസ്ത്രവിധി ത്യജിച്ചുകൊണ്ട് തന്നിഷ്ടപ്രകാരമുള്ള ആചരണങ്ങൾ ചെയ്തു കൊണ്ട് അവരുടെ മനുഷ്യ ജീവൻ നഷ്ടപ്പെടുത്തി കളഞ്ഞു. അവർ മഹാ ദുഖിതരായിരുന്നു. അവർ രുചി ഋഷിയോട് ചോദിച്ചു, മകനെ നീ എന്തുകൊണ്ടാണ് വിവാഹം ചെയ്യാതിരുന്നത്? ഞങ്ങൾക്കുള്ള ശ്രാദ്ധം, പിതൃകർമ്മങ്ങൾ എന്നീ സാധനകൾ എന്തുകൊണ്ട് ചെയ്തില്ല? രുചി ഋഷി പിതാ മഹന്മാരോട് പറഞ്ഞു. എന്തെന്നാൽ വേദങ്ങളിൽ എഴുതിയിരിക്കുന്നത് കർമ്മകാണ്ഡങ്ങളെല്ലാം അവിധ്യ എന്നാണ് ( മൂഢമായ സാധന). പിന്നെ എന്തുകൊണ്ടാണ് നിങ്ങൾ എല്ലാവരും എന്നോട് ഇങ്ങനെയെല്ലാം ചെയ്യാൻ പറയുന്നത്. നിങ്ങൾ ചെയ്യുന്ന സാധന എല്ലാം മോക്ഷമാർക്ഷമാണ്, പക്ഷേ ഞങ്ങൾ മഹാകഷ്ടത്തിലാണ്. നി ഞങ്ങളുടെ ഗതി ചെയ്യിക്കുക അതായത് വിവാഹം കഴിക്കുക. ഞങ്ങളുടെ പിണ്ടദാന ആദി കർമ്മങ്ങൾ ചെയ്തു കൊണ്ട് ഞങ്ങളെ ഭൂത യോനികളിൽ നിന്ന് മോക്ഷം ചെയ്യിക്കുക. ഒരു കാര്യം ശ്രദ്ധിക്കുക ഇവിടെ ഇവർ തന്നെ ശാസ്ത്രവിധി ത്യജിച്ചുകൊണ്ട് തന്നിഷ്ട ആചാരണ ങ്ങൾ ചെയ്തു കർമ്മകാണ്ഡവും ചെയ്തു പ്രേത അവസ്ഥയിൽ ആയിരിക്കുന്നു. അവരുടെ സന്താനമായ രുചിയെ കൊണ്ട് ( ശാസ്ത്രയുക്ത ഭക്തി ചെയ്തിരുന്ന ആളെ )

ചെയ്തുകൊണ്ടിരുന്ന സത്യസാധന വിടിയിപ്പിച്ചു, നരക പ്രാപ്തിക്ക് യോഗ്യമാക്കി തീർത്തു. രുചി ഋഷി വിവാഹം ചെയ്തു. അതിനുശേഷം കർമ്മകാണ്ഡവും ചെയ്തു. പിന്നെ അദ്ദേഹവും ഭൂതമായി മാറി. പിണ്ടതാനം ചെയ്താൽ ഭൂത അവസ്ഥയിൽ നിന്ന് വിടുതൽ കിട്ടുകയും പിന്നീട് അവർ പശു പക്ഷിയു മൃഗാദികളുടെ യോനി പ്രാപ്തമാകുന്നതാണ്. ഇത് എന്ത് തരത്തിലുള്ള പൊട്ട ഗതിയാണ് കിട്ടിയിരിക്കുന്നത്?
സൂക്ഷം വേദത്തിൽ പറഞ്ഞിരിക്കുന്നത്:-

ഗരിബ്,ഭുത് യോനി ഷ്ഉട്ടത് ഹൈ, പിണ്ട് പ്രദാന കരന്ത്. ഗിരിദാസ് ജിന്താ കഹ്, നഹീം മിലെ ഭഗവന്ത്.

ഗീത അധ്യായം 9 ശ്ലോകം 25 ൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്:- ദേവന്മാരെ പൂജിക്കുന്നവർ ദേവന്മാരെ തന്നെ പിതൃക്കളെ പൂജിക്കുന്നവർ പിതൃക്കളെ തന്നെ പ്രാപിക്കുന്നു. ഭൂതങ്ങളെ പൂജിക്കുന്നവർ ഭൂതങ്ങളെ തന്നെ പ്രാപിക്കുന്നു. എന്നെ( ഗീതാ ജ്ഞാന ദാതാവ് ) പൂജിക്കുന്നവർ എന്നെ തന്നെ പ്രാപിക്കുന്നു . ഇതിനാൽ ശാസ്ത്ര വിധി അനുസരിച്ച് ഭക്തി ചെയ്യുക അതാണ് ലാഭദായകം. അങ്ങനെ തന്നെ ചെയ്യുക.

- ഗീത അദ്ധ്യായം 17 ശ്ലോകം 5-6 ലും സ്പഷ്ടമാക്കിയിരിക്കുന്നത്, ആരായാലും ശാസ്ത്ര വിദ്യ മാറ്റിക്കൊണ്ട് തന്നിഷ്ട ആചാരണങ്ങൾ ചെയ്ത് ഘോരമായ തപസ്സിനെ കൊണ്ട് തപിക്കുന്നു. ഇങ്ങനെയുള്ളവർ മേൽ പറഞ്ഞപോലെ അന്യ ദേവന്മാരുടെ പൂജ അതായത് രജോ ഗുണം ബ്രഹ്മാജി, സതോഗുണം വിഷ്ണു ജി, തമോ ഗുണം ശിവജി കൂടാതെ അന്യ ദേവി ദേവന്മാരുടെ പൂജ ചെയ്യുന്നവർ ഭൂത പ്രേതങ്ങളുടെ പൂജ ചെയ്യുന്നവർ ( ശ്രാദ്ധം ആദി കർമ്മ കാണ്ഡത്തിന്റെ പൂജ യക്ഷ, രക്ഷസുകളുടെ പൂജ, ഭൂത ,പ്രേത പൂജയാകുന്നു.) യക്ഷന്മാരെയും , രാക്ഷസന്മാരെയും പൂജിക്കുന്നു. അവർ ശരീരത്തിൽ സ്ഥിതി ചെയ്യുന്ന ഭൂതങ്ങളെയും ( അത് ശരീരത്തിൽ സ്ഥിതി ചെയ്യുന്ന ഓരോ കമലങ്ങളിൽ വിരാജിക്കുന്ന ശക്തികളാണ്) കൂടാതെ അന്തകരണത്തിൽ സ്ഥിതി ചെയ്യുന്ന എന്നെയും (അതായത് ഗീത ജ്ഞാന ദാതാവ് ) ക്ലേശിപ്പിക്കുന്നു. അങ്ങനെയുള്ള അജ്ഞാനികളെ അസുര സ്വഭാവക്കാരാണെന്ന് അറിയുക.**ഗീത അദ്ധ്യായം 16 ശ്ലോകം 17 മുതൽ 20** വരെ നിങ്ങൾ ഈ വിഷയം തന്നെ പഠിക്കുന്നു. ഇതിൽ വിവരിക്കുന്നത് ശാസ്ത്ര വിരുദ്ധ പൂജ ചെയ്യുന്നവർ, അവർ അവരുടെ സ്വന്തം ശരീരത്തിലും കൂടാതെ മറ്റുള്ളവരുടെ ശരീരത്തിലും ഉള്ള എന്നെയും ( ഗീതജ്ഞാന ദാതാവ് ) ദ്വീഷിക്കുന്ന വരാകുന്നു ,കാരണം അവർ അന്യ ദേവന്മാരെ പൂജിക്കുന്നവരാകുന്നു. അവർ ഗീതജ്ഞാന ദാതാവായ ബ്രഹ്മിന്റെ പോലും പൂജ ചെയ്യുന്നില്ല. അതു കൊണ്ടാണ് ദ്വേഷം ചെയ്യുന്നവരായി കണക്കാക്കുന്നത്. ബ്രഹ്മിന്റെ പ്രധാന ശക്തികളായ രജോഗുണ ബ്രഹ്മാവ് സത്വഗുണ വിഷ്ണുജി തമോ ഗുണം ശിവജി അതുകൂടാതെ മറ്റ് ദേവീദേവന്മാരെ പൂജിക്കുന്നവരാകുന്നു. അവർ പാപികളും, നിഷ്ഠൂരന്മാരും, നരാധനന്മാരും, ആണ്. അവരെ ഞാൻ കൂടെക്കൂടെ ആസുരിക യോനികളിൽ ജന്മം കൊടുക്കുന്നതാണ് ( ഗീത അധ്യായം 16 ശ്ലോകം 17 മുതൽ 19 വരെ ).
- **ഗീത അധ്യായം 16 ശോകം 20 ൽ** പറഞ്ഞിരിക്കുന്നത് അർജുനാ! ഈ വിഡ്ഢികളായ ഇവർ എന്നെ പോലും പ്രാപിക്കാത്തത് കൊണ്ട് ജന്മ ജന്മങ്ങളായി ഞാൻ അവരെ ആസുരിക യോനികളിൽ പ്രവേശിപ്പിക്കുന്നതാണ്. പിന്നെ അതിനേക്കാളും നീചമായ ഗതി അവർക്ക് ഉണ്ടാകുന്നതാണ്, അതായത് ഘോരമായ നരകത്തിൽ അവർ വീഴുന്നു.

അഥവാ ആരെങ്കിലും പറയുകയാണെ, അതായത് ശ്രീ ബ്രഹ്മാവ് ശ്രീ വിഷ്ണു ശ്രീ ശിവന്റെ പൂജകൾ മേൽപ്പറഞ്ഞ അധ്യായങ്ങളിൽ നിഷേധിച്ചിട്ടില്ല എന്ന്, പക്ഷേ ഇവിടെ അന്യദേവതകളുടെ പൂജകളുടെ വിഷയത്തിൽ പറഞ്ഞിട്ടുണ്ട്. ഉത്തരം:- ഈ ഭഗവത് ഗീത

മുഴുവനും നോക്കിയാൽ നമുക്ക് കാണാവുന്നതാണ് എവിടെയും ഒരു സ്ഥലത്ത് പോലും ശ്രീ ബ്രഹ്മാവിന്റെയോ, ശ്രീ വിഷ്ണുവിന്റെയോ, ശ്രീ ശിവന്റെയോ പൂജ ചെയ്യുന്ന കാര്യം പറഞ്ഞിട്ടില്ല. ഇതിനാൽ വ്യക്തമാകുന്നത് ഇവരുടെ പൂജ ഗീത ശാസ്ത്ര പ്രകാരം ഇത് ശാസ്ത്ര വിരുദ്ധമാണ്. അത് ഗീത അധ്യായം 16 ശ്ലോകം 23, 24 പ്രകാരം അത് വ്യർത്ഥമാണ്. അതുപോലെ ഹിന്ദു സഹോദരന്മാർ പൂജ ചെയ്യാത്ത ഒരു ദേവി ദേവന്മാരെ പോലും വെറുതെ വിട്ടിട്ടില്ല. ഇവിടെ സിദ്ധം ആകുന്നത് "ഹിന്ദു സഹോദരന്മാർക്ക് ഗീതജ്ഞാനം ഒരുതരത്തിലും മനസ്സിലായിട്ടില്ല എന്നാണ്".

● മേൽപ്പറഞ്ഞ ഗീത മനസ്സിലാകുന്നതിന് വേണ്ടി കൃപ ചെയ്ത് വായിക്കുകയും കണ്ണ് തുറന്നു കാണുകയും ചെയ്യുക. മേൽപ്പറഞ്ഞ ഗീത ശ്ലോകങ്ങളുടെ ഫോട്ടോ കോപ്പികൾ ആയിട്ടുള്ള ഭാരതത്തിന്റെ വിശ്വസനീയമായ വിശ്വപ്രസിദ്ധ ഗീത പ്രസ്സ് ഗോരക്പൂർ നിന്നും പ്രകാശിതം ചെയ്തതും കൂടാതെ ശ്രീ ജയദയാൽ ഗോയന്ദക വിവർത്തനം ചെയ്തിരിക്കുന്നത്:-

(**ഗീത അദ്ധ്യായം 17 ശ്ലോകം 1-ന്റെ** ഫോട്ടോ കോപ്പി.)
യേ, ശാസ്ത്രവിധിമ്, ഉത്സൃജ്യ, യജന്തേ, ശ്രദ്ധയാ, അവിന്താഃ,
തേഷാമ്, നിഷ്ഠാ, തു, കാ, കൃഷ്ണ്, സത്വമ്, ആഹോ, രജഃ, തമഃ (1)

കൃഷ്ണ് = ഹേ കൃഷ്ണാ!
യേ = യാതൊരു മനുഷ്യൻ
ശാസ്ത്രവിധിമ് = ശാസ്ത്ര വിധിയെ
ഉത്സൃജ്യ = ത്യജിച്ച് കൊണ്ട്
ശ്രദ്ധയാ = ശ്രദ്ധയോടെ
അവിന്താഃ = യുക്തമായി
യജന്തേ = ദേവാദി പൂജകൾ ചെയ്യുന്ന
തേഷാമ് = അവരുടെ
നിഷ്ഠാ = സ്ഥിതി
തു = പിന്നെ
കാ = എങ്ങിനെ ഉള്ളതായിരിക്കും ?
സത്വമ് = സത്വഗുണമുള്ളതോ ?
ആഹോ = അഥവാ
രജഃ = രജോഗുണമോ ?
തമഃ = തമോഗുണമോ ?

(**ഗീത അദ്ധ്യായം 17 ശ്ലോകം 2 ന്റെ** ഫോട്ടോ കോപ്പി.)
ത്രിവിധാ, ഭവതി, ശ്രദ്ധാ, ദേഹിനാം, സാ, സ്വഭാവജാ,
സാത്വികീ, രാജസീ, ച, ഏവ, താമസീ, ച, ഇതി, താമ്, ശൃണു (2)
ഇപ്രകാരം അർജുനന്റെ പ്രശനങ്ങക്ക് ശ്രീകൃഷ്ണൻ മറുപടി പറഞ്ഞു-
ഹേ അർജുന—

ദേഹിനാം = മനുഷ്യരുടെ
സാ = ആ (സംസ്കാരങ്ങളുടെ ശാസ്ത്രീയ രഹിത കേവലം)
സ്വഭാവജാ = സ്വഭാവത്തിൽ നിന്ന് ഉല്പന്നമായ
ശ്രദ്ധാ = ശ്രദ്ധ
സാത്വികീ = സാത്വികം
ച = കൂടാതെ
രാജസീ = രാജസികം
ച = കൂടാതെ
താമസീ = താമസികം
ഇതി = ഇങ്ങനെ
ത്രിവിധാ = മൂന്ന് പ്രകാരത്തിൽ
ഏവ = ആണ്
ഭവതി = ഉണ്ടാകുന്നത്.
താമ് = അതിനെ (നീ)
(മത്തഃ) = എന്നിൽ നിന്ന്
ശൃണു = കേൾക്കുക.

### (ഗീത അദ്ധ്യായം 17 ശ്ലോകം 3 ന്റെ ഫോട്ടോ കോപ്പി.)

സത്ത്വാനുരൂപാ, സർവ്വസ്യ, ശ്രദ്ധാ, ഭവതി, ഭാരത
ശ്രദ്ധാമയഃ, അയമ്, പുരുഷഃ, യഃ, യച്ഛ്രദ്ധഃ, സഃ, ഏവ, സഃ (3)

ഭാരത = ഹേ ഭാരത !
സർവ്വസ്യ = സർവ്വ മനുഷ്യരുടെയും
ശ്രദ്ധാ = ശ്രദ്ധ
സത്ത്വാനുരൂപാ = അവരുടെ അന്തകരണത്തിന് അനുരൂപം
ഭവതി = ആകുന്നു.
അയമ് = ഈ
പുരുഷഃ = പുരുഷൻ

ശ്രദ്ധാമയഃ = ശ്രദ്ധാവാനാണ്
(അതഃ) = അതുകൊണ്ട്
യഃ = യാതൊരു പുരുഷൻ
യച്ഛ്രദ്ധഃ = എങ്ങിനെയാണോ ശ്രദ്ധാവാനായിരിക്കുന്നത്
സഃ = അവർ സ്വയം
ഏവ = അങ്ങിനെ
സഃ = തന്നെയാണ്.

### (ഗീത അദ്ധ്യായം 17 ശ്ലോകം 4 ന്റെ ഫോട്ടോ കോപ്പി.)

യജന്തേ, സാത്ത്വികാഃ, ദേവാന്, യക്ഷരക്ഷാംസി, രാജസാഃ,
പ്രേതാന്, ഭൂതഗണാന്, ച, അന്യേ, യജന്തേ, താമസാഃ, ജനാഃ (4)

സാത്ത്വികാഃ = സാത്വിക പുരുഷൻ
ദേവാന് = ദേവന്മാരെ
യജന്തേ = പൂജിക്കുന്നു
രാജസാഃ = രാജസിക പുരുഷൻ
യക്ഷരക്ഷാംസി= യക്ഷന്മാരെയും രാക്ഷസന്മാരെയും

അന്യേ = വേറെ
താമസാഃ, = താമസികമായ
ജനാഃ = മനുഷ്യർ, (അവർ)
പ്രേതാന് = പ്രേതങ്ങളേയും
ച = കൂടാതെ
ഭൂതഗണാന് = ഭൂതഗണങ്ങളേയും
യജന്തേ = പൂജിക്കുന്നു.

### (ഗീത അദ്ധ്യായം 17 ശ്ലോകം 5–ന്റെ ഫോട്ടോ കോപ്പി.)

അശാസ്ത്രവിഹിതമ്, ഘോരം, തപ്യന്തേ, യേ, തപഃ, ജനാഃ,
ദമ്ഭാഹങ്കാരസംയുക്താഃ, കാമരാഗബലാവിന്താഃ (5)

*അത്പോലെ ഹേ അർജ്ജുന! –*

യേ = യാതൊരു
ജനാഃ = മനുഷ്യൻ
അശാസ്ത്ര വിഹിതമ് = ശാസ്ത്രവിധി രഹിതമായി (കേവലം മനഃകല്പിതം)
ഘോരം = ഘോരമായ
തപഃ = തപസ്സുകൊണ്ട്
തപ്യന്തേ = തപിപ്പിക്കുന്നു. (കൂടാതെ)

ദമ്ഭാഹങ്കാരസം- യുക്താഃ = ഡംഭ് , അഹങ്കാരം യുക്തമായിക്കൊണ്ട് (ഏവം)

കാമരാഗ- ബലാവിന്താഃ = കാമനയും, ആസക്തിയും അതുപോലേ വലിയ അഭിമാന യുക്തമായിക്കൊണ്ട്

**(ഗീത അദ്ധ്യായം 17 ശ്ലോകം 6 ന്റെ** ഫോട്ടോ കോപ്പി.)

കർശയന്തഃ, ശരീരസ്ഥമ്, ഭൂതഗ്രാമമ്, അചേതസഃ, മാമ്,
ച, ഏവ, അന്തഃശരീരസ്ഥമ്, താന്, വിദ്ധി, ആസുരനിശ്ചയാന് (6)

*അപ്പോൽ അങ്ങനെ–*

| | |
|---|---|
| ശരീരസ്ഥമ് | = ശരീര രൂപത്തിൽ സ്ഥിതി ചെയ്യുന്ന |
| ഭൂതഗ്രാമമ് | = ഭൂത സമൂഹത്തേയും |
| ച | = കൂടാതെ |
| അന്തഃശരീരസ്ഥമ് | = അന്തഃകരണത്തിൽ സ്ഥിതി ചെയ്യുന്ന |
| മാമ് | = പരമാത്മാവായ എന്നെ |
| ഏവ | = കൂടി |
| കർശയന്തഃ | = ക്ലേശിപ്പിക്കുന്നവരാകുന്നു |
| താന് | = അവർ |
| അചേതസഃ | = അജ്ഞാനികളും (നിങ്ങൾ) |
| ആസുരനിശ്ചയാന് | = ആസുരിക സ്വഭാവമുള്ളവർ |
| വിദ്ധി | = എന്നറിയുക. |

**(ഗീത അദ്ധ്യായം 16 ശ്ലോകം 17 ന്റെ** ഫോട്ടോ കോപ്പി.)

ആത്മസംഭാവിതാഃ, സ്തബ്ധാഃ, ധനമാനമദാൻവിതാഃ
യജന്തേ, നാമയജ്ഞൈഃ, തേ, ദമ്ഭേന, അവിധിപൂർവ്വകമ് (17)

കൂടാതെ—

| | |
|---|---|
| തേ | = അവർ |
| ആത്മസംഭാവിതാഃ | = അവരെ തന്നെ ശ്രേഷ്ഠരായി കണക്കാക്കുന്നു |
| സ്തബ്ധാഃ | = അഹങ്കാരിയായ പുരുഷൻ |
| ധനമാനമദാൻവിതാഃ | = ധനമാനാധികൾ കൊണ്ട് യുക്തരായവർ |
| നാമയജ്ഞൈഃ | = കേവലം നാമമാത്രമായി യജ്ഞങ്ങൾ ചെയ്യുവാൻ വേണ്ടി |
| ദമ്ഭേന | = അല്പന്മാരെക്കൊണ്ട് |
| അവിധിപൂർവ്വകമ് | = ശാസ്ത്ര വിരുദ്ധമായ |
| യജന്തേ | = യജ്ഞം ചെയ്യുന്നു. |

**(ഗീത അദ്ധ്യായം 16 ശ്ലോകം 18 ന്റെ** ഫോട്ടോ കോപ്പി.)

അഹങ്കാരം, ബലം, ദർപം, കാമം, ക്രോധം, ച, സംശ്രിതാഃ
മാം, ആത്മപരദേഹേഷു, പ്രദ്വിഷന്തഃ, അഭ്യസൂയകാഃ (18)

*അപ്പോൽ അവർ–*

| | |
|---|---|
| അഹങ്കാരം | = അഹങ്കാരം |
| ബലം | = ബലം |
| ദർപം | = പൊങ്ങച്ചം(ഉന്മാദം) |
| കാമം | = കാമങ്ങൾ (കൂടാതെ) |
| ക്രോധം | = ക്രോധം |
| സംശ്രിതാഃ | = എല്ലാനും |
| ച | = കൂടാതെ |
| അഭ്യസൂയകാഃ | = മറ്റുള്ളവരെ നിന്ദിക്കുന്ന പുരുഷൻ |
| ആത്മപരദേഹേഷു | = അവരവരുടെയും മറ്റുള്ളവരുടെയും ശരീരത്തിൽ(സ്ഥിതി ചെയ്യുന്ന) |
| മാം | = അന്തർയ്യാമിയായ എന്നെ |
| പ്രദ്വിഷന്തഃ, | = ദ്വേഷം ചെയ്യുന്നവരാകുന്നു. |

**(ഗീത അദ്ധ്യായം 16 ശ്ലോകം 19-ന്റെ** ഫോട്ടോ കോപ്പി.)

താൻ, അഹം, ദ്വിഷതഃ, ക്രൂരാൻ, സംസാരേഷു, നരാധമാൻ
ക്ഷിപാമി, അജസ്രം, അശുഭാൻ, ആസുരീഷു, ഏവ, യോനിഷു (19)

അങ്ങനെ-

താൻ = അവരുടെ
ദ്വിഷതഃ = ദ്വേഷം ചെയ്യുന്നവർ
അശുഭാൻ = പാപികളും (കൂടാതെ)
ക്രൂരാൻ = ക്രൂര കർമ്മികളും
നരാധമാൻ = നരാധമന്മാരും
അഹം = ഞാൻ

സംസാരേഷു = സംസാരത്തിൽ
അജസ്രം = വീണ്ടും വീണ്ടും
ആസുരീഷു = ആസുരിക
യോനിഷു = യോനികളിൽ
ഏവ = തന്നെ
ക്ഷിപാമി = പ്രവേശിപ്പിക്കുന്നു

**(ഗീത അദ്ധ്യായം 16 ശ്ലോകം 20-ന്റെ** ഫോട്ടോ കോപ്പി.)

ആസുരീം, യോനിം, ആപന്നാഃ, മൂഢാഃ, ജന്മനി, ജന്മനി,
മാം, അപ്രാപ്യ, ഏവ, കൗന്തേയ, തതഃ, യാന്തി, അധമാം, ഗതിം (20)

ഇതിനാൽ-

കൗന്തേയ = ഹേ അർജ്ജുനാ!
മൂഢാഃ = ആ മൂഢന്മാർ
മാം = എന്നെ
അപ്രാപ്യ = പ്രാപ്തമാകാതെ
ഏവ = തന്നെ (അവരെ)
ജന്മനി = ജന്മ
ജന്മനി = ജന്മങ്ങളിൽ
ആസുരീം = ആസുരിക

യോനിം = യോനികളിൽ
ആപന്നാഃ = പ്രാപ്തമാകുന്നു, (പിന്നെ)
തതഃ = അതിനേക്കാളും
അധമാം = അതിനീചമായ
ഗതിം = ഗതിയിൽ അവരെ
യാന്തി = പ്രാപ്തമാകുന്നതാണ്. അതായത്, ഘോര നരകത്തിൽ വീഴുന്നതാണ്.

**(ഗീത അദ്ധ്യായം 16 ശ്ലോകം 23 ന്റെ** ഫോട്ടോ കോപ്പി.)

യഃ, ശാസ്ത്രവിധിം, ഉത്സൃജ്യ, വർത്തതേ, കാമകാരതഃ,
ന, സഃ, സിദ്ധിം, അവാപ്നോതി, ന, സുഖം, ന, പരാം, ഗതിം (23)

*കൂടാതെ—*

യഃ = യാതൊരു പുരുഷൻ
ശാസ്ത്രവിധിം = ശാസ്ത്ര വിധിയെ
ഉത്സൃജ്യ = ത്യജിച്ചു കൊണ്ട്
കാമകാരതഃ = സ്വന്തം ഇഷ്ട പ്രകാരം
വർത്തതേ = ആചരണം ചെയ്യുന്നവർ
സഃ = അവർക്ക്
ന = ഒരു തരത്തിലുള്ള(ഇല്ല)

സിദ്ധിം = സിദ്ധികൾ
അവാപ്നോതി = പ്രാപ്തമാകുന്നതല്ല.
ന, പരാം, ഗതിം = പരമ ഗതിയും ലഭിക്കുന്നില്ല(കൂടാതെ)
ന, സുഖം = സുഖവും ലഭിക്കുന്നില്ല

**(ഗീത അദ്ധ്യായം 16 ശ്ലോകം 24 ന്റെ** ഫോട്ടോ കോപ്പി.)

തസ്മാത്, ശാസ്ത്രം, പ്രമാണം, തേ, കാര്യാകാര്യവ്യവസ്ഥിതൗ,
ജ്ഞാത്വാ, ശാസ്ത്രവിധാനോക്തമ്, കർമ്, കർതുമ്, ഇഹ, അർഹസി (24)

| | | | |
|---|---|---|---|
| തസ്മാത് | = ഇതിനാൽ | പ്രമാണം | = പ്രമാണമാണ് |
| തേ | = നിനക്ക് വേണ്ടി | (ഏവം) | = എന്നാൽ |
| ഇഹ | = ഈ | ജ്ഞാത്വാ | = അറിഞ്ഞുകൊണ്ട്(നീ) |
| കാര്യാകാര്യ-വ്യവസ്ഥിതൗ | = കർത്തവ്യവും കൂടാതെ അകർത്തവ്യത്തിന്റെ വ്യവസ്ഥയിൽ | ശാസ്ത്ര-വിധാനോക്തമ | = ശാസ്ത്രവിധിയാൽ നിയതനായി |
| ശാസ്ത്രം | = ശാസ്ത്രം (തന്നെ) | കർമ് | = കർമ്മം (തന്നെ) |
| | | കർതുമ് | = ചെയ്യുവാൻ |
| | | അർഹസി | = യോഗ്യനാണ് |

**(ഗീത അദ്ധ്യായം 7 ശ്ലോകം 12 ന്റെ** ഫോട്ടോ കോപ്പി.)

യേ, ച, ഏവ, സാത്വികാഃ, ഭാവാഃ, രാജസാഃ, താമസാഃ, ച, യേ,
മത്തഃ, ഏവ, ഇതി, താൻ, വിദ്ധി, ന, തു, അഹം, തേഷു, തേ, മയി (12)

***എന്നാൽ-***

| | | | |
|---|---|---|---|
| ച | = കൂടാതെ | താൻ | = അവർക്കെല്ലാവർക്കും (പക്ഷെ) |
| ഏവ | = അങ്ങിനെ | മത്തഃ, ഏവ | = എന്നിൽ നിന്നുതന്നെ (ലഭികുന്നതാണ്) |
| യേ | = ആ | ഇതി | = ഇങ്ങനെ |
| സാത്വികാഃ | = സത്വഗുണത്താൽ ഉൽപന്ന ആകുന്ന | വിദ്ധി | = അറിയുക |
| ഭാവാഃ | = ഭാവത്താൽ (കൂടാതെ) | തു | = പക്ഷെ (വാസ്തവത്തിൽ) |
| യേ | = അവർ | തേഷു | = അവരിൽ |
| രാജസാഃ | = രജോഗുണത്താൽ | അഹം | = ഞാനും (കൂടാതെ) |
| ച | = കൂടാതെ | തേ | = അവർ |
| താമസാഃ | = തമോഗുണത്താൽ ആകുന്ന ഭാവത്താൽ | മയി | = എന്നിലും |
| | | ന | = ഇല്ല. |

കുറിപ്പ് :- ഗീത ജ്ഞാന ദാതാവ് പറഞ്ഞിരിക്കുന്നത് രജോ ഗുണം ബ്രഹ്മാജിയിൽ നിന്ന് ഉപ്പത്തി, സ്വത്വ ഗുണം വിഷ്ണുവിൽ നിന്ന് സ്ഥിതിയും, കൂടാതെ തമോ ഗുണം ശിവജിയിൽ നിന്നും സംഹാരവും ഉണ്ടാകുന്നു. ഇത് എല്ലാം ചെയ്യുന്നത് എനിക്ക് വേണ്ടിയാണ്. എന്റെ ആഹാരത്തിന്റെ കാര്യം നടന്നുകൊണ്ടിരിക്കുന്നു. ഗീത ജ്ഞാന ദാദാവ് കാല പുരുഷനാണ്, അദ്ദേഹം സ്വയം **ഗീതാ അധ്യായം 11 ശ്ലോകം 32 ൽ സ്വയം കാലൻ ആണെന്ന് പറയുന്നു.** ഇദ്ദേഹത്തിന് ശാപ വശാൽ ഒരു ലക്ഷം മാനവരെ ഭക്ഷിക്കുന്നു. ഇക്കാരണത്താലാണ് രജോ ഗുണം ബ്രഹ്മാജി, സത്വഗുണം വിഷ്ണുജി, അമോ ഗുണം ശിവജിയിൽ കൂടി ഇവിടെ ഇതെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ എല്ലാത്തിന്റെ മൂല കാരണം ഞാൻ തന്നെയാണ്( കാല പുരുഷൻ). പക്ഷേ ഞാൻ ഇവരിൽ നിന്നെല്ലാം( ബ്രഹ്മാവ്, വിഷ്ണു,,ശിവൻ) എന്നിവരിൽ നിന്ന് ഞാൻ ഭിന്നമാണ്.

**(ഗീത അദ്ധ്യായം 7 ശ്ലോകം 13 ന്റെ** ഫോട്ടോ കോപ്പി.)

ത്രിഭിഃ, ഗുണമയൈഃ, ഭാവൈഃ, സർവ്വം, ഇദം, ജഗത്ത്
മോഹിതം, ന, അഭിജാനാതി, മാം, ഏഭ്യഃ, പരം, അവ്യയം (13)

***പക്ഷെ–***

ഗുണമയൈഃ = ഗുണങ്ങളുടെ കാര്യരൂപമായ സാത്വികവും, രാജസവും, കൂടാതെ താമസവും
ഏഭ്യഃ = ഇത്
ത്രിഭിഃ = മൂന്ന് പ്രകാരത്തിലുള്ള
ഭാവൈഃ = ഭാവങ്ങൾ
ഇദം = ഇത്
സർവ്വം = മുഴുവൻ
ജഗത്ത് = ജഗത്തിലെ പ്രാണി സമൂഹം

മോഹിതം = മോഹിതരായിക്കൊണ്ടിരിക്കുന്നു, (ഇതിനാൽ)
ഏഭ്യഃ = ഈ മൂന്ന് ഗുണങ്ങളിൽ നിന്ന്
പരം = മേലെയുള്ള
മാം, അവ്യയം = അവിനാശിയെ എന്നെ
ന, അഭിജാനാതി = അറിയുന്നില്ല

**(ഗീത അദ്ധ്യായം 7 ശ്ലോകം 14 ന്റെ** ഫോട്ടോ കോപ്പി.)

ദൈവീ, ഹി, ഏഷാ, ഗുണമയീ, മമ, മായാ, ദുരത്യയാ
മാം, ഏവ, യേ, പ്രപദ്യന്തേ, മായാം, ഏതാം, തരന്തി, തേ (14)

ഹി = കാരണം
ഏഷാ = ഈ
ദൈവീ = അലൗകികമായ അഥവാ
ഗുണമയീ = അത്യത്ഭുതകരമായ
മമ = എന്റെ
മായാ = മായ
ദുരത്യയാ = വലിയ കഠിനമാണ് (പക്ഷെ)
യേ = യാതൊരു പുരുഷൻ (കേവലം)

മാം = എന്നെ
ഏവ = തന്നെ (നിരന്തരം)
പ്രപദ്യന്തേ = ഭജിക്കുന്നു
തേ = അവർ
ഏതാം = ഈ
മായാം = മായയായ
തരന്തി = അതിനെ ഭേദിച്ച് പോകുന്നു. അഥവാ സംസാരത്തിൽ നിന്ന് മുക്തനാകുന്നു.

**(ഗീത അദ്ധ്യായം 7 ശ്ലോകം 15-ന്റെ** ഫോട്ടോ കോപ്പി.)

ന, മാം, ദുഷ്കൃതിനഃ, മൂഢാഃ, പ്രപദ്യന്തേ, നരാധമാഃ,
മായയാ, അപഹൃതജ്ഞാനാഃ, ആസുരം, ഭാവം, ആശ്രിതാഃ (15)

***അങ്ങനെ സുഗമമായ ഉപായം ഉണ്ടായിട്ടുപോലും-***

| | |
|---|---|
| മായയാ | = മായയാൽ |
| അപഹൃതജ്ഞാനാഃ | = ആരുടെയെല്ലാം ജ്ഞാനം മൂടപ്പെട്ടിരിക്കുന്നുവോ (അതുപോലെ) |
| ആസുരം, ഭാവം | = ആസുരിക സ്വഭാവത്തെ |
| ആശ്രിതാഃ | = ധാരണം ചെയ്തിരിക്കുന്ന, |
| നരാധമാഃ | = മനുഷ്യരിൽ നീചരായവർ |
| ദുഷ്കൃതിനഃ | = ദുഷിച്ച കർമ്മം ചെയ്യുന്നു |
| മൂഢാഃ | = മൂഢരായവർ |
| മാം | = എന്നെ |
| ന | പോലും |
| പ്രപദ്യന്തേ | = ഭജിക്കുന്നില്ല |

കുറിപ്പ്:- ഗീതാ അധ്യായം 7 ശ്ലോകം 15ൽ കൂടി സ്പഷ്ടമാക്കിയിരിക്കുന്നത്, ഏതൊക്കെ ഭക്തരുടെ സാധനകൾ ഈ രാജഗുണ ബ്രഹ്മാജി സത്വ ഗുണ വിഷ്ണുജി , തമഗുണ ശിവ ജിയിൽ അതി ദൃഢമായിരിക്കുന്നവർ അതുപോലെ അവരുടെ ജ്ഞാനം ലോക വേദപ്രകാരം കീഴ്പട്ടിരിക്കുന്നു. ഇവർ ഈ മൂന്ന് ദേവപ്രധാന ദേവന്മാരെയും പിന്നെ അന്യ ദേവതകളുടെ ഭക്തിയിൽ ദൃഢമായിരിക്കുന്നു. ഇവരിൽ നിന്നും എല്ലാം മേലെ ഉള്ള എന്നെ( ഗീത ജ്ഞാന ദാതാവ് ) പോലുംഭജിക്കുന്നില്ല. ഇങ്ങനെയുള്ള വ്യക്തികൾ രാക്ഷസ സ്വഭാവം ധാരണം ചെയ്തു മനുഷ്യരിൽ നീചരും (നരാധമാ :), ദുഷിച്ച കർമ്മങ്ങൾ ചെയ്യുന്നവർ വിഡ്ഢികളാണ്. അവർ എന്നെ ( ഗീത ഞാനതാതാവായ ബ്രഹ്മിനെ )പോലും ഭജിക്കുന്നില്ല.

**(ഗീത അദ്ധ്യായം 7 ശ്ലോകം 20 ന്റെ** ഫോട്ടോ കോപ്പി.)

കാമൈഃ, തൈഃ തൈഃ, ഹൃതജ്ഞാനാഃ, പ്രപദ്യന്തേ, അന്യദേവതാഃ
തമ്, തമ്, നിയമം, ആസ്ഥായ, പ്രകൃത്യ, നിയതാഃ, സ്വയാ (20)

***കൂടാതെ ഹേ അർജുന-***

| | |
|---|---|
| തൈഃ തൈഃ | = അങ്ങിനെ അങ്ങിനെയുള്ള |
| കാമൈഃ | = ഭക്തന്മാരുടെ കാമനകളിൽക്കൂടി |
| ഹൃതജ്ഞാനാഃ | = ആരുടെയെല്ലാം ജ്ഞാനം മൂടപ്പെട്ടിരിക്കുന്നുവോ |
| സ്വയാ | = സ്വന്തം |
| പ്രകൃത്യ | = സ്വഭാവത്താൽ |
| നിയതാഃ | = പ്രേരിതരായിക്കൊണ്ട് |
| തമ്, തമ് | = അങ്ങനെയുള്ള |
| നിയമം | = നിയമങ്ങളെ |
| ആസ്ഥായ | = ധാരണം ചെയ്ത് കൊണ്ട് |
| അന്യദേവതാഃ | = അന്യ ദേവന്മാരെ |
| പ്രപദ്യന്തേ | = ഭജിക്കുന്നു. അഥവാ പൂജിക്കുന്നു. |

**(ഗീത അദ്ധ്യായം 7 ശ്ലോകം 21 ന്റെ** ഫോട്ടോ കോപ്പി.)

യഃ, യഃ, യാം, യാം, തനും, ഭക്തഃ, ശ്രദ്ധയാ, അചിർതും, ഇച്ഛതി,
തസ്യ, തസ്യ, അചലാം, ശ്രദ്ധാം, താം, ഏവ, വിദ്ധാമി, അഹം (21)

| | |
|---|---|
| യഃ, യഃ | = ഏത് ഏതെല്ലാം |
| ഭക്തഃ | = സകാമമായിട്ടുള്ള ഭക്തർ |
| യാം, യാം | = ഏതേല്ലാം |
| തനും | = ദേവന്മാരുടെ സ്വരൂപത്തെ |
| ശ്രദ്ധയാ | = ശ്രദ്ധയോടെ |
| അചിർതും | = പൂജിക്കാൻ |
| ഇച്ഛതി | = ആഗ്രഹിക്കുന്നുവോ |
| തസ്യ | = അങ്ങിനെയുള്ള |
| തസ്യ | = ഭക്തരുടെ |
| ശ്രദ്ധാം | = ശ്രദ്ധയെ |
| അഹം | = ഞാൻ |
| താം, ഏവ | = ആ ദേവതയ്ക്കു വേണ്ടി |
| അചലാം | = സ്ഥിര |
| വിദധാമി | = പെടുത്തുന്നതാണ് |

**(ഗീത അദ്ധ്യായം 7 ശ്ലോകം 22 ന്റെ** ഫോട്ടോ കോപ്പി.)

സഃ, തയാ, ശ്രദ്ധയാ, യുക്തഃ, തസ്യ, ആരാധനം, ഈഹതേ,
ലഭതേ, ച, തതഃ, കാമാൻ, മയാ, ഏവ, വിഹിതാൻ, ഹി, താൻ (22)

***അതുപോലെ–***

| | |
|---|---|
| സഃ | = ആ പുരുഷൻ |
| തയാ | = അതിനെ |
| ശ്രദ്ധയാ | = ശ്രദ്ധയോടെ |
| യുക്തഃ | = യുക്തമായിക്കൊണ്ട് |
| തസ്യ | = ആ ദേവതയുടെ |
| ആരാധനം | = പൂജ |
| ഈഹതേ | = ചെയ്യുന്നു |
| ച | = കൂടാതെ |
| തതഃ | = ആ ദേവതയിൽ നിന്ന് |
| മയാ | = എന്നിൽ കൂടി |
| ഏവ | = തന്നെ |
| വിഹിതാൻ | = വിധാനം ചെയ്തിരിക്കുന്നു |
| താൻ | = അവരുടെ |
| കാമാൻ | = ഇച്ഛാഭോഗങ്ങളെ |
| ഹി | = നിസ്സന്ദേഹമായി |
| ലഭതേ | = പ്രാപ്തമാക്കുന്നു |

**(ഗീത അദ്ധ്യായം 7 ശ്ലോകം 23 ന്റെ** ഫോട്ടോ കോപ്പി.)

അന്തവത്, തു, ഫലം, തേഷാം, തത്, ഭവതി, അല്പമേധസാം,

ദേവാൻ, ദേവയജഃ, യാന്തി, മദ്ഭക്താ, യാന്തി, മാം, അപി (23)

തു = പക്ഷെ
തേഷാം = അവരുടെ
അല്പമേധസാം = അല്പ ബുദ്ധികളായവർ
തത് = ആ
ഫലം = ഫലം
അന്തവത് = നാശവാൻ
ഭവതി = ആണ് (അഥവാ അവർ)
ദേവയജഃ = ദേവന്മാരെ പൂജിക്കുന്ന-
വരാണെങ്കിൽ

ദേവാൻ = ദേവതകളെ
യാന്തി = പ്രാപ്തമാകുന്നതാണ്
(കൂടാതെ)
മദ്ഭക്താ = എന്റെ ഭക്തർ (എങ്ങി-
നെ ഭജിച്ചാലും, അന്തി-
മമായി അവർ)
മാം = എന്നെ
അപി = തന്നെ
യാന്തി = പ്രാപ്തമാകുന്നതാണ്.

**(ഗീത അദ്ധ്യായം 9 ശ്ലോകം 25 ന്റെ** ഫോട്ടോ കോപ്പി.)

യാന്തി, ദേവവ്യൂതാഃ, ദേവാൻ, പിതൃൻ, യാന്തി, പിതൃവ്യൂതാഃ,

ഭൂതാനി, യാന്തി, ഭൂതേജ്യാഃ, യാന്തി, മദ്യാജിനഃ, അപി, മാം (25)

***കാരണം അങ്ങനെ ഒരു നിയമം ഉള്ളതുകൊണ്ട്-***

ദേവവ്യൂതാഃ = ദേവന്മാരെ പൂജിക്കുന്നവർ
ദേവാൻ = ദേവന്മാരെത്തന്നെ
യാന്തി = പ്രാപിക്കുന്നതാണ്
പിതൃവ്യൂതാഃ = പിതൃക്കളെ പൂജിക്കുന്നവർ
പിതൃൻ = പിതൃക്കളെത്തന്നെ
യാന്തി = പ്രാപിക്കുന്നു
ഭൂതേജ്യാഃ = ഭൂതങ്ങളെ പൂജിക്കുന്നവർ
ഭൂതാനി = ഭൂതങ്ങളെത്തന്നെ

യാന്തി = പ്രാപിക്കുന്നു (കൂടാതെ)
മദ്യാജിനഃ = എന്നെ പൂജിക്കുന്ന ഭക്തർ
മാം = എന്നെ
അപി = തന്നെ
യാന്തി = പ്രാപ്തമാകുന്നതാണ്.
(ഇതിനാൽ എന്റെ
ഭക്തർക്ക് പുനർ ജന്മം
ഉണ്ടാകുന്നതല്ല)

വിശേഷമായ ജ്ഞാനം....:-

ചോദ്യം.... ഇനി ഹിന്ദു സഹോദരന്മാർക്ക് ഒരു സംശയം ഉണ്ടാകും അതായത് പുരാണങ്ങളിൽ ശ്രാദ്ധം ചെയ്യുന്ന കാര്യം പറഞ്ഞിട്ടുണ്ട്. തീർത്ഥങ്ങളിൽ പോകുന്നത് പുണ്യമായി പറയുന്നു. ഋഷികൾ തപസ് അനുഷ്ഠിച്ചിട്ടുണ്ട്. അപ്പോൾ അവർ ചെയ്ത കർമ്മങ്ങളെല്ലാം തെറ്റായി കണക്കാക്കണോ ? ശ്രീ ബ്രഹ്മാവും വിഷ്ണുവും ശിവനും എല്ലാം തപസ് ചെയ്തിട്ടുണ്ട്, എന്താ അതും തെറ്റാണോ?

ഉത്തരം:- മുകളിൽ ശ്രീമദ് ഭഗവത് ഗീതയിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്, അതായത് ആരാണ് ഘോരമായ തപസ്സ് ചെയ്യുന്നത് അവർ വിഡ്ഢികളാണ്, പാപികളും ക്രൂര കർമ്മികളുമാണ്. അത് ബ്രഹ്മവായാലും, വിഷ്ണുവായാലും, ശിവൻ ആയാലും ഋഷി മുനിമാരായാലും. അവർക്ക് യഥാർത്ഥത്തിൽ വേദങ്ങളുടെ യഥാർത്ഥ ജ്ഞാനം ഉണ്ടായിരുന്നില്ല. പിന്നെ മറ്റുള്ളവർക്ക് എങ്ങനെ ഉണ്ടാകും. ഭഗവത്ഗീതയിൽ തീർത്ഥങ്ങളിൽ പോകുന്ന കാര്യം എങ്ങും എഴുതിയിട്ടില്ല. അതുകൊണ്ട് ഈ തീർത്ഥങ്ങളിൽ പോകുന്നത് ഭ്രമം മാത്രമാകുന്നു. അത് തെറ്റാണ്. ശാസ്ത്ര വിധി ഉപേക്ഷിച്ചുകൊണ്ട് തന്നിഷ്ടപ്രകാരം ചെയ്യുന്ന എല്ലാ ആചരണങ്ങളും വ്യർത്ഥമാണ്.

പ്രശ്നം:- അപ്പോൾ ഈ പുരാണങ്ങൾ ശാസ്ത്രങ്ങൾ അല്ലേ?
ഉത്തരം:- പുരാണങ്ങളിലെ ജ്ഞാനം ഋഷ്യേശ്വരന്മാരുടെ സ്വന്തം അനുഭവങ്ങളാണ്. വേദങ്ങളും ഭഗവത്ഗീതയും പ്രഭുവായ(ഏീറ ഏശ്ലി) പരമാത്മാവ് നൽകിയതാണ്, അത് പൂർണ്ണമായും സത്യമാണ്. ഋഷിമാരെല്ലാം വേദങ്ങൾ പഠിച്ചു, പക്ഷേ ശരിയായി മനസ്സിലാക്കിയില്ല. ഇക്കാരണത്താൽ ലോക വേദത്തിന്റെ( ഒരാളിൽ നിന്ന് മറ്റൊരാൾ കേട്ട അറിവ്/ ജ്ഞാനം) ആധാരത്തിൽ സാധനകൾ ചെയ്തു. കുറച്ച് ജ്ഞാനം വേദങ്ങളിൽ നിന്ന് പകർത്തി അതായത് ഓം നാമത്തിന്റെ ജപം. **യജുർവേദ അധ്യായം 40 ശ്ലോകം 15 ൽ** നിന്ന്. തപം ചെയ്യുന്ന ജ്ഞാനം ബ്രഹ്മാവിൽ നിന്ന് എടുത്തു. പലവക ജ്ഞാനത്തിന്റെ ആധാരത്തിൽ സാധനാ അനുഷ്ടിച്ച്, സിദ്ധികൾ പ്രാപ്തമാക്കി ചിലർക്ക് ശാപവും, മറ്റു ചിലർക്ക് അനുഗ്രഹവും ആശിർവാദവും നൽകി,മനുഷ്യ ജീവിതം നഷ്ടപ്പെടുത്തി.ഗീതയിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട് ശാസ്ത്ര വിധി ത്യാജിച്ചു ചെയ്യുന്ന സാധന കൊണ്ട് യാതൊരുവിധ ലാഭവും ഉണ്ടാകുന്നതല്ല. ഘോരമായ തപസ്സ് ചെയ്യുന്നവർ, രാക്ഷ സ്വഭാവം ഉള്ളവർ ആയിരിക്കും.
പ്രമാണത്തിന് വേണ്ടി :- ഒരിക്കൽ പാണ്ഡവർ വനവാസത്തിൽ ആയിരുന്നപ്പോൾ, ദുര്യോധനൻ പറഞ്ഞത് അനുസരിച്ച് ദുർവാസാവ് ഋഷി 88,000 ഋഷിമാരെയും കൊണ്ട് പാണ്ഡവരുടെ അടുക്കൽ പോയി. ഉള്ളിൽ ദോഷം വച്ചിട്ട്, അതായത് പാണ്ഡവർ അവർക്ക് ഇഷ്ടം അനുസരിച്ചുള്ള ആഹാരം നൽകാൻ സാധിക്കില്ല എന്ന് വിചാരിച്ചു കൊണ്ട്. അതിനാൽ അവരെ ശപിക്കുവാൻ സാധിക്കുമല്ലോ എന്ന് ധരിച്ചു. അങ്ങനെ അവർ നശിക്കുമല്ലോ.

വിചാരം ചെയ്യുക.:- ദുർവസാ മഹർഷിയെ ഒരു മഹാ തപസ്വി ആയിരുന്നു. ആ ഉഗ്ര തപസ്വി നരാധമനായ മഹാ പാപി എന്തിനാണ് ഇങ്ങനത്തെ ദുഷ്കർമ്മം ചെയ്യാൻ തുനിഞ്ഞത്. ദുഃഖിതരായവരെ വീണ്ടും ദുഃഖിതരാക്കുവാൻ വേണ്ടി ഉള്ള ഉദ്ദേശത്തിലാണ് പോയത്. ഇത് ഒരു രാക്ഷസവും, ക്രൂരവും ആയിട്ടുള്ള ഒരു ദുഷ്കർമ്മം കർമ്മം ആയിരുന്നില്ലേ?

ഇതെ ദുഷ്ടനായ ദുർവസാ മഹർഷി, കുട്ടികൾ ചെയ്തുപോയ തമാശയുടെ മേൽ, ക്രോധത്താൽ യാദവർക്ക് ശാപം കൊടുത്തു. കുട്ടികളായ മൂന്നാലു പേർ മാത്രമാണ് ആ തെറ്റു ചെയ്തത ആ തെറ്റിന്, യാദവകുലത്തെ മുഴുവനും ,ശാപം കൊണ്ട് നശിപ്പിച്ചു. നോക്കുക ഇതെല്ലാം ദുർവാസാവിന്റെ രാക്ഷസ സ്വഭാവം കൊണ്ട് സംഭവിച്ചതല്ലേ?

**** പുരാണങ്ങളിൽ രചിച്ചിട്ടുള്ള ഋഷിമാരുടെ അന്യകർമ്മങ്ങൾ അറിയുക:-**

വസിഷ്ഠ ഋഷി ഒരു രാജാവിന് രാക്ഷസൻ ആകുവാനുള്ള ശാപം കൊടുത്തു. അദ്ദേഹം രാക്ഷ രൂപം ധരിച്ച് വളരെ ദുഃഖിതനായി. വസിഷ്ഠ ഋഷി മറ്റൊരു രാജാവിന് മരിക്കുവാനുള്ള ശാപം കൊടുത്തു കാരണം, ഒരു യജ്ഞം വസിഷ്ഠ ഋഷിയെ കൊണ്ട് യജ്ഞം ചെയ്യിക്കാത്ത, മറ്റാരെ കൊണ്ടോ യജ്ഞം ചെയ്യിപ്പിച്ചു എന്നുള്ളതാണ്. ആ

രാജാവ് വസിഷ്ഠ ഋഷിക്ക് മരിക്കുവാനുള്ള ശാപം കൊടുത്തു. അങ്ങനെ രണ്ടുപേരും മരണപ്പെട്ടു. വശിഷ്ട ഋഷിയുടെ പുനർജന്മം ഇപ്രകാരമായിരുന്നു അത് പുരാണങ്ങളിൽ പറയുന്ന കഥ ഇപ്രകാരമാണ് :- ഒരിക്കൽ രണ്ട് ഋഷിമാർ വനത്തിൽ തപം ചെയ്യുകയായിരുന്നു. ഒരു അപ്സരസ് സ്ത്രീ സ്വർഗ്ഗത്തിൽ നിന്ന് വന്നു. അവർ വളരെയധികം മനോഹരിയായിരുന്നു. അവരെ കണ്ട ഉടനെ ഈ രണ്ടു ഋഷിമാരുടെ വീര്യം സ്കലിച്ചു. അവർ രണ്ടുപേരും മാറി മാറി. കുടിലിന്റെ ഉള്ളിൽ വച്ചിരുന്ന കുടത്തിൽ വീര്യം നിക്ഷേപിച്ചു. അതിൽ ഒന്നിൽ വസിഷ്ഠ ഋഷിയുടെ ആത്മാവിന് പുനർജന്മം ഉണ്ടായി. ആ കുഞ്ഞിന്റെ നാമവും വസിഷ്ഠ് എന്നായിരുന്നു വെച്ചത്. രണ്ടാമത്തെ കുഞ്ഞിന്റെ

നാമം കുംഭക്ക് ഋഷി എന്ന് നാമകരണം ചെയ്തു.

വിശ്വാമിത്ര ഋഷിയുടെ കർമ്മം :-

